**ആണവ നിലയങ്ങൾക്കെതിരായി ലോകമെങ്ങും പ്രതിഷേധങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ ഒരു മധ്യമപാത സ്വീകരിച്ചുകൊണ്ട് 'പബ്ലിക് റിലേഷൻ' തന്ത്രവുമായി ഭരണകൂടം രംഗത്ത് വരുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ടി.പി. ശ്രീനിവാസന്റെ 'കൂടങ്കുളത്തിന്റെ പാഠം' എന്ന ലേഖനമെന്ന്**

**കെ. സഹദേവൻ**

# ഒരു നയതന്ത്രജ്ഞന്റെ ആണവ വേവലാതികൾ!

**'കൂടങ്കുളത്തിന്റെ** പാഠം'എന്ന പേരിൽ സെപ്തംബർ 25ാം തീയ്യതിയിലെ മാതൃഭൂമി ദിനപത്രത്തിൽ വന്ന ടി.പി. ശ്രീനിവാസന്റെ ലേഖനമാണ് ഇത്തരമൊരു മറുലേഖനത്തിന് ആധാരം. മുൻ അംബാസഡറായ ലേഖകൻ തന്റെ ലേഖനത്തിൽ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന കാര്യങ്ങൾ ഇവയാണ്.

1. ഹ്രസ്വകാലത്തേക്ക് ആണവോർജ്ജം ഉപയോഗപ്പെടുത്തുകയും ദീർഘകാലം ആണവോർജ്ജത്തെ ആശ്രയിക്കാതിരിക്കുകയും ചെയ്യുക എന്ന നയം ആവിഷ്കരിക്കുക.
2. ഫുക്കുഷിമയ്ക്കു ശേഷം ആണവനിലയങ്ങളുടെ സുരക്ഷയെപ്പറ്റി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു ആണവ വികസനത്തിൽ നിന്ന് നാം പിന്മാറേണ്ടതില്ല എന്നാണ് ഇന്ത്യയിലെ പൊതുഅഭിപ്രായം.

ആണവ നിലയങ്ങൾക്കെതിരായി ലോകമെങ്ങും ഉയർന്നുവരുന്ന പ്രതിഷേധങ്ങളെ തീർത്തും തള്ളിക്കളയാൻ ഭരണാധികാരികൾക്ക് കഴിയുന്നില്ല എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ടി.പി. ശ്രീനിവാസന്റെ ഈ ലേഖനം. അതുകൊണ്ടു തന്ന ഒരു മധ്യമപാത സ്വീകരിക്കാൻ പുതിയ 'പബ്ലിക് റിലേഷൻ' തന്ത്രവുമായി അവർ ഇറങ്ങിയിരിക്കുകയാണ്. ഇന്ത്യയിൽ കൂടങ്കുളത്തെ കൂടാതെ ഗുജറാത്തിലെ മീഠിവീർഡി, മഹാരാഷ്ട്രയിലെ ജെയ്താപ്പൂർ, ബംഗാളിലെ ഹരിപ്പൂർ, പഹിയാനയിലെ കുഹാരിയ, ആന്ധ്രാപ്രദേശിലെ കൗവാഡ, നൽഗൊണ്ട, ഒറീസ്സയിലെ പതിസോനാപ്പൂർ തുടങ്ങി ആണവ പദ്ധതികൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന മുഴുവൻ സ്ഥലങ്ങളിലും അതിശക്തമായ പ്രക്ഷോഭങ്ങൾ നടക്കുകയാണ്. ഫുക്കുഷിമ ദുരന്തം ഈ പ്രക്ഷോഭങ്ങൾക്ക് ആക്കം കൂട്ടിയിരിക്കുന്നുവെന്നത് സത്യം. ജനങ്ങളുടെ സുരക്ഷയാണ് പ്രധാനം എന്ന് മന്ത്രിക്ക് ഉറപ്പുകൊടുക്കേണ്ടി

വന്നത് കൂടങ്കുളത്തെ ജനങ്ങളുടെ പ്രതിഷേധം നേരിൽ കണ്ടതുകൊണ്ടാണ്. ആണവ നിലയങ്ങൾ സ്ഥാപിച്ചിരിക്കുന്നസ്ഥലങ്ങളിലും സ്ഥാപിക്കാനിരിക്കുന്ന സ്ഥലങ്ങളിലും പദ്ധതികൾക്കെതിരെ അതിശക്തമായ വികാരം നിലനിൽക്കുമ്പോൾ 'ആണവ വികസനത്തിൽ നിന്ന് നാം പിന്മാറേണ്ടതില്ല എന്നാണ് ഇന്ത്യക്കാരുടെ പൊതു അഭിപ്രായം' എന്ന് ലേഖൻ പറയുന്നത് എന്തിനെ ആധാരമാക്കിയാണ്. ഹ്രസ്വകാലത്തേക്ക് ആണവോർജ്ജത്തെ ആശ്രയിക്കുക ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാതിരിക്കുക എന്ന നയമാണ് നാം സ്വീകരിക്കേണ്ടത് എന്ന് ലേഖകൻ വാദിക്കുന്നു. നമ്മുടെ ഹ്രസ്വകാല ഊർജ്ജാവശ്യങ്ങൾ പരിഹരിക്കുന്നതിനായാണ് ഇത്തരമൊരു വാദം അദ്ദേഹം മുന്നോട്ടുവെക്കുന്നതെന്നും പറയുന്നുണ്ട്. കൂടങ്കുളം പദ്ധതി മാത്രം നാം കണക്കിലെടുക്കുക. കൂടങ്കുളം പദ്ധതി യാഥാർത്ഥ്യമാക്കുവാൻ വേണ്ടി അധികൃതർക്ക് വേണ്ടി വന്നത് ഏതാണ്ട് രണ്ടരപ്പതിറ്റാണ്ടുകാലമാണ്! ഒരു ആണവനിലയം യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചാൽ തന്നെയും ആവശ്യമായ ഏറ്റവും കുറഞ്ഞ സമയം ഏഴ് വർഷമാണ്. ഇന്ത്യയിൽ ഇത് പത്തു മുതൽ 13 വരെ വർഷങ്ങൾ എടുക്കും. അപ്പോൾ നിർദ്ദിഷ്ട ആണവ പദ്ധതികൾ ഊർജ്ജോത്പാദനം നടത്തി വരുമ്പോഴേക്കും എടുക്കുന്ന സമയം എത്രയായിരിക്കുമെന്ന് ഊഹിക്കാമല്ലോ? അതെങ്ങിനെയാണ് നമ്മുടെ ഹ്രസ്വകാല ഊർജ്ജാവശ്യങ്ങൾ പരിഹരിക്കാൻ പോകുന്നത്?

ഇനി ആണവനിലയങ്ങൾ എന്നത് മറ്റ് വ്യവസായങ്ങൾ പോലെ ഉത്പാദനം നിർത്തിവെച്ചതിനുശേഷം ഉപേക്ഷിച്ചുപോകാൻ കഴിയുന്ന ഒന്നാണെന്നാണോ ലേഖകൻ പറഞ്ഞുവരുന്നത്? ലേഖകന്റെ സത്യസന്ധതയെയാണോ അതോ ആണവ വിഷയങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവിനെയാണോ ഇവിടെ സംശയിക്കേണ്ടത്? ഒരു ആണവ നിലയം പ്രവർത്തനം അവസാനിപ്പിച്ച് അതിനെ ഡീ കമ്മീഷൻ ചെയ്യുന്ന അന്നുമുതൽ എത്രയോ വർഷങ്ങൾ അവയെ തണുപ്പിച്ച് നിർത്തേണ്ടതുണ്ട്. നിലയത്തിനകത്തു നടക്കുന്ന ശൃംഖലാപ്രവർത്തനങ്ങൾ (chain reaction) അതിനകത്തെ താ




മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ടി.പി. ശ്രീനിവാസന്റെ ലേഖനം

**ഒരു ആണവ നിലയം പ്രവർത്തനം അവസാനിപ്പിച്ച് അതിനെ ഡീ കമ്മീഷൻ ചെയ്യുന്ന അന്നുമുതൽ എത്രയോ വർഷങ്ങൾ അവയെ തണുപ്പിച്ച് നിർത്തേണ്ടതുണ്ട്. നിലയത്തിനകത്തു നടക്കുന്ന ശൃംഖലാപ്രവർത്തനങ്ങൾ (chain reaction) അതിനകത്തെ താപം വർദ്ധിപ്പിക്കുകയും അത് പൊട്ടിത്തെറിയിലേക്ക് നയിക്കുകയും ചെയ്യും. ഇതിന് തടയിടാൻ നിരന്തര ജാഗ്രത ആവശ്യമാണ്. അടുത്ത എത്രയോ വർഷങ്ങൾ അതിനുവേണ്ടി മാത്രം നാം നിരന്തരമായി വൈദ്യുതി നൽകേണ്ടതുണ്ട്. ആണവ മാലിന്യങ്ങളെക്കുറിച്ച് ലേഖകൻ ഒരക്ഷരവും പറയാതിരിക്കുന്നത് അദ്ദേഹത്തിന്റെ അജ്ഞതയാകാൻ വഴിയില്ല**

പം വർദ്ധിപ്പിക്കുകയും അത് പൊട്ടിത്തെറിയിലേക്ക് നയിക്കുകയും ചെയ്യും. ഇതിന് തടയിടാൻ നിരന്തര ജാഗ്രത ആവശ്യമാണ്. അടുത്ത എത്രയോ വർഷങ്ങൾ അതിനുവേണ്ടി മാത്രം നാം നിരന്തരമായി വൈദ്യുതി നൽകേണ്ടതുണ്ട്. ആണവ മാലിന്യങ്ങളെക്കുറിച്ച് ലേഖകൻ ഒരക്ഷരവും പറയാതിരിക്കുന്നത് അദ്ദേഹത്തിന്റെ അജ്ഞതയാകാൻ വഴിയില്ല. അത്യന്തം അപകടകാരിയായ ആണവ വികിരണങ്ങളടങ്ങിയ ഈ മാലിന്യങ്ങൾ എന്തു ചെയ്യണമെന്ന കാര്യത്തിൽ ശാസ്ത്രലോകത്തിന് ഒരു പിടിയുമില്ല. ലോകത്തിലെ ഏതെങ്കിലും ഒരു രാജ്യം ആണവ വികിരണമാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്തതായി ലേഖകന് ചൂണ്ടിക്കാട്ടാൻ കഴിയുമോ?

ഇനി റഷ്യൻ വി.വി.ഇ.ആർ റിയാക്റ്ററുകളുടെ കാര്യം. വളരെയേറെ സുരക്ഷാപ്രശ്നങ്ങളുള്ള ഒരു മാതൃകയാണ് വി.വി.ഇ.ആർ 1000/392. ഈ ഡിസൈനുകളുടെ പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ചിട്ടുള്ള ഈ ലേഖകന്റെ സുഹൃത്തും ആസ്ടേലിയൻ ആണവ വിരുദ്ധപ്രവർത്തകനുമായ ജോൺ ഹാലം (ഫ്രണ്ട്സ് ഓഫ് ദ എർത്ത്, സിഡ്നി, ഓസ്ട്രേലിയ), നിരവധി പ്രശ്നങ്ങൾ ഇതേക്കുറിച്ച് ചൂണ്ടിക്കാട്ടുന്നുണ്ട്.

വി.വി.ഇ.ആർ 1000/392 ഡിസൈനുകളിൽ ലോകത്തിലെ ആദ്യത്തെ മാതൃകയാണ് കൂടങ്കുളത്തേത്. അതുകൊണ്ടു തന്നെ ഇതിന്റെ പ്രവർത്തന കാര്യക്ഷമതയെ സംബന്ധിച്ച് യാതൊരുവിധ മുൻപരിചയവും ഇല്ല തന്നെ. വി.വി.ഇ.ആർ 1000 നിലയങ്ങളുടെ ഏ

റ്റവും വലിയ പ്രശ്നമെന്നത് അതിന്റെ മർദ്ദപേടകത്തിന്റെ (pressure vessel) വലുപ്പക്കുറവാണ്. ഇതുകാരണം റിയാക്ടർ കോറിനകത്തുള്ള നിയന്ത്രണ ദണ്ഡുകൾ (control rods) മർദ്ദപേടകത്തിന്റെ ഭിത്തിയോടു ചേർന്നുനിൽക്കും. അങ്ങിനെ വരുമ്പോൾ കോറിനകത്തു നടക്കുന്ന പ്രവർത്തന ഫലമായി ഈ മർദ്ദപേടകം ദുർബലമാകുകയും വലിയ അപകടങ്ങൾ സംഭവിക്കുമ്പോൾ റിയാക്ടർ പൊട്ടിത്തെറിച്ച് വൻതോതിലുള്ള അണുവികിരണം പുറത്തേക്ക് വമിക്കാൻ ഇടയാകുകയും ചെയ്യും.വി.വി.ഇ.ആർ 1000/392 മാതൃകകൾ സുരക്ഷിതമാണെന്ന പ്രസ്താവനകൾ കേവലം പ്രചരണം മാത്രമാണ്. അത് ലോകത്തെവിടെയും തെളിയിക്കപ്പെടാത്ത സംഗതിയാണ്.

വി.വി.ഇ.ആർ 1000/392 മാതൃക വി.വി.ഇ.ആർ 1000/320 നെ മാതൃകയാക്കിയിട്ടുള്ള ഒന്നാണ്. IAEA (International Atomic Energy Agency) യുടെ തന്നെ അഭിപ്രായത്തിൽ നിരവധി പ്രശ്നങ്ങൾ അടങ്ങിയ ഒന്നാണ് വി.വി.ഇ.ആർ 1000/320 മാതൃക. IAEA പുറത്തിറക്കിയ ഇഷ്യൂ ബുക്കിൽ ഇതേക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഇതേക്കുറിച്ച് കൂടുതൽ അറിയാൻ താൽപര്യമുള്ളവർക്ക് ഇന്റർനെറ്റിൽ അവ ലഭ്യമാണ്. നിർമ്മാണഘട്ടത്തിൽ വളരെയധികം സൂക്ഷ്മത പാലിക്കേണ്ട ഒന്നാണ് ഈ മാതൃകയെന്ന് IAEA അടിവരയിട്ട് പറയുന്നു.

സാങ്കേതികവിദ്യയിലെ ന്യൂനതകൾ പരിഹരിച്ച് ആണവ പദ്ധതികളുമായി മുന്നോട്ടുപോകണമെന്നാണ് ചിലർ പറയുന്നത്. ഗവൺമെന്റ് ഇക്കാര്യം ഉറപ്പു നൽകുകയും ചെയ്യുന്നു. എന്നാൽ കൂടങ്കുളം പദ്ധതിക്ക് അത്തരത്തിലുള്ള എന്ത് സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാൻ ഇതുവരെ അധികൃതർ തയ്യാറായിട്ടില്ല. നിലയത്തിന്റെ മാതൃക, സുനാമിയെ പ്രതിരോധിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ, വി.വി.ഇ.ആർ 1000/392 ന്റെ മുൻകാല പ്രവർത്തനറിപ്പോർട്ട് (അങ്ങിനെയൊന്നുണ്ടെങ്കിൽ) ഇവയൊക്കെ ജനങ്ങളുടെ മുന്നിൽവയ്ക്കാൻ ഇതുവരെയും സർക്കാരോ ആണവ ലോബികളോ തയ്യാറായിട്ടില്ല.

ഇനി മറ്റൊരു സുപ്രധാന കാര്യം IAEAയുടെയും AERBയുടെയും നിബന്ധനകൾക്കും സുരക്ഷാ മാനദണ്ഡങ്ങൾക്കും അനുരൂപമായാണ് ഇന്ത്യ ആണവ നിലയങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്ന വാദം പതിവായി നിരത്താറുണ്ട്. ആണവ നിലയങ്ങളുടെ 20കി.മീ. ചുറ്റളവിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉണ്ടായിരിക്കരുതെന്ന് AERB പറയുന്നുണ്ട്. കൂടങ്കുളത്തുനിന്ന് കന്യാകുമാരിയിലേക്കും മധുരൈയിലേക്കും മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള 20 കിലോമീറ്ററിൽ കൂടുതലാണെന്നാകുമോ ഇവർ പറഞ്ഞുവരുന്നത്.

അമ്പതുവർഷങ്ങൾക്കകം ആണവോർജ്ജ പദ്ധതികൾ ഉപേക്ഷിക്കണമെന്നാണ് ലേഖകന്റെ വാദം. ലോകരാഷ്ട്രങ്ങൾ മിക്കവാറും ആണവപദ്ധതികൾ ഉപേക്ഷിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആണവോർജ്ജ സാങ്കേതികവിദ്യ ലോകത്തുനിന്നു തന്നെ അപ്രത്യക്ഷമാകാനുള്ള സാധ്യത നിലനിൽക്കുമ്പോൾ ഇത്തരമൊരു മധ്യമപാതയുമായി ലേഖകൻ കടന്നുവരുന്നത് വികസിത രാഷ്ട്രങ്ങളുടെ ആണവക്കച്ചവടത്തിന് ഒരു കൈത്താങ്ങാകാൻ തന്നെയാണെന്ന് ആരെങ്കിലും വിശ്വസിച്ചാൽ അവരെ കുറ്റം പറയാമോ?


## പുതിയ ഡോക്യുമെന്ററികൾ

**ഫില്ലിംഗ് ദ ബ്ലാങ്ക്സ്**
(ഓട്ടോ ഡ്രൈവറായിരുന്ന ദളിത് യുവതി ചിത്രലേഖയുടെ ദുരനുഭവങ്ങൾ)
സംവിധാനം : ശ്രീമിത്ത്

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ)
33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ.
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ.
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ – ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

**വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്**

## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water**
(അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട
സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി
സംവിധാനം : മണിലാൽ
24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി
30 മിനിട്ട്.

**Source of Life for Sale**
60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 0487 2421385